"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - **2024-25** കേരള ബാങ്ക് മുഖേന **Farmer Producers Organisation (FPO)** ആരംഭിക്കുന്നത് - ആദ്യ ഗഡു തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**64/2025/Co-Op** തീയതി,തിരുവനന്തപുരം, **30-01-2025**

---

പരാമർശം:-

1. സ. ഉ. (സാധാ) നം. **666/2023**/സഹ തീയതി **15/12/2023**
2. **07/08/2024** ൽ ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നയോഗത്തിന്റെ മിനിറ്റ്സ് .
3. സഹകരണ സംഘം രജിസ്ട്രാറുടെ **21/10/2024** ലെ പി&എം എ **(1)5051/2023** നം കത്ത്
4. സ.ഉ (സാധാ) നം.**57/2024**/ധന തീയതി **17/07/2024**
5. സ.ഉ (സാധാ) നം.**76/2024**/ധന തീയതി **31/08/2024**
6. **15/11/2024** ലെ ചീഫ് സെക്രട്ടറിതല യോഗതീരുമാനം.
7. **16/12/2024** ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം
8. സഹകരണ സംഘം രജിസ്ട്രാറുടെ **24/01/2025** ലെ ആർ.സി.എസ്/**992/2025** ഫിൻ **(3)** നം കത്ത്

**ഉത്തരവ്**

**2023-24** സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിരുന്ന ,കേരള ബാങ്ക് മുഖേന **100 Farmer Producers Organisation (FPO)** ആരംഭിക്കുന്നതിനായി **1000.00** ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി പരാമർശം **(1)** പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കേരള ബാങ്കിന്റെ നേതൃത്വത്തിൽ

ആരംഭിക്കുന്ന FPO കൾ 1969 ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനു പകരം കമ്പനീസ് ആക്ട് പ്രകാരം FPO കൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദം ലഭ്യമാക്കുന്നതിനായി കേരളബാങ്ക് ഭരണസമിതി തീരുമാനം എടുത്ത് അപേക്ഷിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ "നിലവിൽ പ്രവർത്തന സജ്ജമായതും കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 36 FPO കൾക്ക് ധനസഹായം നൽകുന്നത് പരിഗണിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ കേരളാ ബാങ്ക് ,സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുന്നതിനും, ഭാവിയിൽ കേരളബാങ്ക് മുഖേന പ്രവർത്തനമാരംഭിക്കുന്ന FPO കൾ സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്" എന്നും തീരുമാനിച്ചിരുന്നു. അപ്രകാരം കേരളാബാങ്ക് ലഭ്യമാക്കിയ പ്രപ്പോസലിന്റെ അടിസ്ഥാനത്തിൽ , സഹകരണ സംഘം രജിസ്ട്രാർ പരാമർശം (3) കത്ത് പ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. 2021 നവംബർ മാസം കേരള ബാങ്ക് ആരംഭിച്ച FPO സംഘാടന പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും 47 പ്രാദേശിക ജില്ലാതല യോഗങ്ങളും, വിവിധ ഘട്ടങ്ങളിലുള്ള FPO കളുടെ പ്രതിനിധികൾക്കായി കേരള ബാങ്ക് 3 സംസ്ഥാനതല പരിപാടികളും, 2 ജില്ലാതല പരിശീലനപരിപാടികളും, വിദഗ്ധരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. നിർദ്ദിഷ്ട മാനദണ്ഡങ്ങൾ FPO കൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി, ഓരോ FPO ക്കുമുള്ള 10 ലക്ഷം രൂപയുടെ ധനസഹായം 3 ഗഡുക്കളായാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. കേരള ബാങ്കിന്റെ മേൽനോട്ടത്തിൽ രൂപീകരിക്കുന്ന FPO കളെ സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ ഒരു Digital data base തയ്യാറാക്കുന്നതും കൃത്യമായ ഇടവേളകളിൽ update ചെയ്ത് ബാങ്കിന്റെ കമ്പ്യൂട്ടർ ശൃംഖല സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതുമാണ്.

3. ധനകാര്യ വകുപ്പിന്റെ, പരാമർശം (4, 5) ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പ്രകാരം 2024-25 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതം പുനക്രമീകരിച്ച് തയ്യാറാക്കിയ സഹകരണ വകുപ്പിന്റെ ലിസ്റ്റ് പരാമർശം (6) പ്രകാരമുള്ള യോഗം അംഗീകരിച്ചിരുന്നു. പ്രസ്തുത പ്രിയോറിറ്റി ലിസ്റ്റിൽ കേരള ബാങ്ക് മുഖേനയുള്ള 36 എഫ് പി ഓ കൾക്ക് 360 ലക്ഷം രൂപ അഡിഷണൽ

ആതറൈസേഷനായി അനുവദിക്കുന്നത് സംബന്ധിച്ച വിഷയവും ഉൾപ്പെട്ടിട്ടുള്ളതാണ്. നിലവിൽ പ്രവർത്തനസജ്ജമായതും കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 36 FPO കൾക്ക് ധനസഹായം അനുവദിക്കേണ്ട തുകയുടെ ആദ്യ ഗഡുവായി 1,08,00,000/- രൂപ (ഒരു കോടി എട്ട് ലക്ഷം രൂപ - 36 x Rs.3,00,000) അനുവദിക്കുന്നതിനായുള്ള കേരളബാങ്കിന്റെ പ്രൊപ്പോസലും അനുബന്ധങ്ങളും അംഗീകാരത്തിനായി സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയിരുന്നു. ടി പ്രപ്പോസൽ പരാമർശം (7) പ്രകാരമുള്ള യോഗത്തിൽ പരിഗണിക്കുകയും, കേരളബാങ്ക് മുഖേനയുള്ള 36 എഫ് പി ഓ കൾക്ക് 360 ലക്ഷം രൂപ one time assistance ആയി അനുവദിക്കുന്നതിനും , ആയതിൽ 108 ലക്ഷം രൂപ ആദ്യഗഡുവായി അനുവദിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ റി അപ്രോപ്രിയേഷൻ പ്രപ്പോസൽ സമർപ്പിക്കേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തിരുന്നു. അപ്രകാരം, ആദ്യ ഗഡുവായി 108 ലക്ഷം രൂപ 2425-00-107-59 CITA (Plan voted) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള റി അപ്രോപ്രിയേഷൻ പ്രപ്പോസൽ പരാമർശം (8) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ചിട്ടുണ്ട് .

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശുപാർശയുടെയും പരാമർശം (7) വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കേരളബാങ്ക് മുഖേനയുള്ള 36 എഫ് പി ഓ കൾക്ക് 360 ലക്ഷം രൂപ one time assistance ആയി അനുവദിക്കുന്നതിനും, ആയതിൽ ആദ്യഗഡുവായി 108 ലക്ഷം രൂപ അനുവദിക്കുന്നതിനും 2024-25 സാമ്പത്തികവർഷത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വീണ എൻ മാധവൻ ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 30-01-2025 11:34:23

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്.
3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി. എ ക്ക്